# നിയമത്തിന്റെ ദുരുപയോഗം തടയാൻ കഴിയാത്തതാണ് പ്രശ്നം



**പ്രശാന്ത് ഭൂഷൺ**
**(സുപ്രീംകോടതി അഭിഭാഷകൻ)**

**ഭീകരപ്രവർത്തനം** അമർച്ച ചെയ്യാൻ കൂടുതൽ കടുത്തനിയമങ്ങൾ ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. മുമ്പുണ്ടാക്കിയ നിയമങ്ങൾ കൊണ്ടൊന്നും ഉദ്ദേശിച്ച ഫലം ഉണ്ടായില്ല. പിന്നെ, ഈ നിയമം ഫലപ്രദമാകുമെന്നതിന് എന്താണൊരു ഉറപ്പ്? ഈ നിയമത്തോടെ പോലീസിന്റെ അധികാരം വർധിച്ചിരിക്കുന്നു. മനുഷ്യാവകാശ ധ്വംസനങ്ങൾ ആവർത്തിക്കപ്പെടുമെന്നതിന്റെ സൂചനയാണിത്. അന്വേഷണ ഏജൻസികളെ നവീകരിക്കുകയും പരിഷ്കരിക്കുകയുമാണ് യഥാർഥത്തിൽ വേണ്ടത്.

മുമ്പത്തെ പോട്ട, ടാഡ നിയമങ്ങൾ പ്രകാരം, പ്രതികളായി പിടിക്കപ്പെട്ടവരിൽനിന്ന് പോലീസ് എടുക്കുന്ന മൊഴികൾ കോടതികൾക്ക് തെളിവായി സ്വീകരിക്കാമായിരുന്നു. പുതിയ നിയമ പ്രകാരം അത്തരം മൊഴികൾ തെളിവായി കോടതി അംഗീകരിക്കുകയില്ല. പഴയ നിയമങ്ങളിൽനിന്ന് ഈ നിയമത്തിനുള്ള ഒരു വ്യത്യാസം ഇതു മാത്രമാണ്. ബാക്കിയൊക്കെ ഏറക്കുറെ ഒന്നുതന്നെ. മാത്രമല്ല, പുതിയ നിയമത്തിൽ എല്ലാറ്റിന്റെയും വ്യാപ്തി വിപുലമാക്കുകയും ചെയ്തിരിക്കുന്നു.

എന്നെ അത്ഭുതപ്പെടുത്തുന്ന ഒരു കാര്യമുണ്ട്. ഭീകരാക്രമണം നടന്നാൽ ചിലയാളുകൾക്ക് ഒരൊറ്റ സംഗതിയേ പറയാനുണ്ടാവൂ. കടുത്ത നിയമങ്ങൾ കൊണ്ടുവരൂ എന്നു മാത്രം. നിലവിലുള്ള നിയമത്തിന്റെ ഏതേത് ദൗർബല്യങ്ങൾ കൊണ്ടാണ് ഭീകരവാദിയെ പിടിക്കാൻ കഴിയാതെ പോയത് എന്ന് അവരാരും ഇതുവരെ പറഞ്ഞുകേട്ടിട്ടില്ല. ഒരു ഭീകരാക്രമണം നടന്നുകഴിഞ്ഞാൽ എന്തുകൊണ്ട് അത് സംഭവിച്ചു, അതിന്റെ അടിസ്ഥാന കാരണങ്ങൾ എന്ത് എന്ന് അന്വേഷിക്കാതെ എന്തെങ്കിലുമൊക്കെ ചെയ്യൂ എന്ന് മുറവിളി കൂട്ടുകയാണ്. ഈ പ്രോപഗണ്ടാ ബഹളത്തിൽ ജനത്തിന് സത്യമറിയാൻ കഴിയാതെ പോകുന്നു. അമേരിക്കയിൽ 2001 സെപ്റ്റംബർ 11-നു ശേഷം സംഭവിച്ചത് അതാണ്. കടുത്ത നിയമങ്ങൾ ഉണ്ടാക്കി അയ്യായിരം പേരെ തുറുങ്കിലടച്ചു. അപ്രകാരം നമ്മുടെ നാട്ടിലും ഭീകരവാദത്തിന്റെ പേരിൽ ആവശ്യമില്ലാത്ത പലതും കൊണ്ടുവന്നു. ബി.ജെ.പിയിലെയും കോൺഗ്രസ്സിലെയും ഫാഷിസ്റ്റ് പ്രവണതകളെയാണ് ഇത് കാണിക്കുന്നത്. ഈ നിയമം പാസ്സാക്കുമ്പോൾ ന്യൂനപക്ഷങ്ങൾ ക്ഷുഭിതരാകുമോ എന്ന പേടി കോൺഗ്രസ്സിന് ഉണ്ടായിരുന്നു. എന്നാൽ അതിനേക്കാൾ വലിയ നേട്ടം അപ്പുറത്ത് കിട്ടാനുണ്ടെന്ന് കോൺഗ്രസ് കണ്ടു. അങ്ങനെയാണ് ധൃതിപിടിച്ച് നിയമം പാസ്സാക്കിയെടുത്തത്.

ഇന്റലിജൻസ് ഏജൻസികളുടെ പരാജയം ഭീകരപ്രവർത്തനത്തിന് സഹായകമാവുന്നുണ്ടെന്നത് ശരിയാണ്.

എന്നാൽ ഈ ഏജൻസികൾ സ്വതന്ത്രമായി, നിയമാനുസൃതമായി മാത്രം പ്രവർത്തിക്കട്ടെ എന്ന് ഒരൊറ്റ സർക്കാറും വെക്കുകയുമില്ല. തങ്ങളുടെ രാഷ്ട്രീയ താൽപര്യങ്ങൾക്ക് വേണ്ടി സർക്കാർ ഈ ഏജൻസികളെ ഉപയോഗിക്കുകയാണ്. ഇന്ന് പോലീസിലും നീതിന്യായ സംവിധാനങ്ങളിലുമൊക്കെ വർഗീയതയും അഴിമതിയും വലിയ അളവിൽ കാണപ്പെടുന്നുണ്ട്. ഇതിനൊന്നും അറുതി വരുത്താതെ ഈ സംവിധാനങ്ങളിൽനിന്ന് നല്ലത് പ്രതീക്ഷിക്കുന്നത് വ്യാമോഹമാണ്. അഴിമതിക്കാരും വർഗീയ മനസ്സുള്ളവരുമായ ആളുകളെയാണ് നിയമം നടത്താൻ ഏൽപിക്കുന്നതെങ്കിൽ അത് ദുരുപയോഗപ്പെടുത്തുമെന്ന് മാത്രമല്ല, അത് തടയാൻ നമുക്കൊട്ട് സാധിക്കുകയുമില്ല. ടാഡയും പോട്ടയും പോലെ പുതിയ നിയമവും മുസ്‌ലിം ന്യൂനപക്ഷങ്ങൾക്കെതിരെ തന്നെയാണ് പ്രയോഗിക്കപ്പെടുക എന്ന് ആശങ്കിക്കേണ്ടിയിരിക്കുന്നു. പ്രോപഗണ്ടയിലൂടെ ഭീകരവാദികൾ മുസ്‌ലിംകൾ മാത്രമാണെന്ന് ഇവിടത്തെ മീഡിയ വരുത്തിവെച്ചിട്ടുമുണ്ടല്ലോ. അപ്പോൾ ഇന്റലിജൻസ് ഏജൻസികളുടെ പണി എളുപ്പമായി. ഗുജറാത്തിൽ നാം ഇതാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഭീകരപ്രവർത്തനം അമർച്ച ചെയ്യുന്നതോടൊപ്പം ഇത്തരം അതിക്രമങ്ങൾക്കും തടയിടണം. മനുഷ്യാവകാശങ്ങളെ ധ്വംസിക്കുന്ന ഏതു നിയമ നിർമാണത്തിനെതിരെയും നാം ശബ്ദം ഉയർത്തണം. ■